**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3812** **09-10-2025 - ൽ മറുപടിയ്ക്ക്**

**മുതിർന്ന പൗരൻമാരുടെ ആരോഗ്യ സുരക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. എം. മണി,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ. എൻ. കെ. അക്ബർ** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് മുതിർന്ന പൗരന്മാരുടെ ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി നിലവിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്; വിശദാംശം നൽകാമോ; | (എ) | സംസ്ഥാനത്ത് മുതിർന്നപൗരന്മാരുടെ ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി നിലവിൽ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശം **അനുബന്ധം** I ആയി ചേർക്കുന്നു |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതിനായി പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുതിർന്ന പൗരന്മാരുടെ ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി ആരംഭിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം **അനുബന്ധം**IIആയി ചേർക്കുന്നു. |
| (സി) | അനാഥരാക്കപ്പെടുന്ന മുതിർന്ന പൗരൻമാരുടെ പുനരധിവാസം സാധ്യമാക്കുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ? | (സി) | വയോരക്ഷ പദ്ധതി പ്രകാരം അനാഥരാക്കപ്പെട്ട വയോജനങ്ങളുടെ പുനരധിവാസം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. ആരോഗ്യപരമായി ബുദ്ധിമുട്ടുള്ള വയോജനങ്ങൾക്ക് ആശുപത്രി സേവനം, കെയർഗിവറുടെ സേവനം, ആഹാരം, മരുന്ന് എന്നിവയും പദ്ധതിയിലൂടെ നൽകി വരുന്നു.<br><br>സാമൂഹ്യ നീതി വകുപ്പിന് കീഴിൽ നിരാലംബരും ആരോരും സംരക്ഷിക്കാനില്ലാത്തതുമായ മുതിർന്നപൗരന്മാരെ സംരക്ഷിക്കുന്നതിനായി 14 ജില്ലകളിലായി 17 സ്നേഹാലയങ്ങൾ പ്രവർത്തിച്ചു വരുന്നു. കിടപ്പുരോഗികളായ വയോജനങ്ങളെ സംരക്ഷിക്കുന്നതിനായി ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴയിൽ കിടപ്പു രോഗികൾക്കായുള്ള സ്നേഹാലയവും പ്രവർത്തിച്ചു വരുന്നു. കൂടാതെ സംസ്ഥാനത്ത് 600 ൽ അധികം സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന സ്നേഹാലയങ്ങൾ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ പ്രവർത്തിച്ചു വരുന്നുണ്ട്. ടി സ്ഥാപനങ്ങളിൽ ഏകദേശം 199 സ്ഥാപനങ്ങൾക്ക് സർക്കാർ ഗ്രാന്റ് നൽകി |

| | | | |
|---|---|---|---|
| | | | വരുന്നുണ്ട്. 2021-22 സാമ്പത്തിക വർഷം 199 സന്നദ്ധ സംഘടനകൾ മുഖേന സംരക്ഷണം നൽകിവരുന്ന 8147 വയോജനങ്ങൾക്ക് മേൽപ്പറഞ്ഞ പ്രകാരം ഗ്രാന്റ് അനുവദിച്ചു നൽകിയിരുന്നു. കൂടാതെ ആരോരും സംരക്ഷിക്കാനില്ലാതെ ഒറ്റപ്പെട്ട കിടപ്പുരോഗികൾക്ക് എൻ ജി ഒ സ്ഥാപനങ്ങളിൽ പുനരധിവാസം ഉറപ്പാക്കുന്ന വയോസാന്ത്വനം പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്.ആശുപത്രികളിൽ അനാഥരാക്കപ്പെടുന്ന വയോജനങ്ങളടക്കമുള്ളവരെ സർക്കാർ സ്നേഹാലയങ്ങൾ അല്ലെങ്കിൽ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരമുള്ള വൃദ്ധസദനങ്ങൾ എന്നിവയിൽ പുനരധിവസിപ്പിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം I

**വയോഅമൃതം പദ്ധതി**

മക്കളിൽനിന്നും ഒറ്റപ്പെട്ട് ആരാലും സരംരക്ഷിക്കപ്പെടാതെ മാനസികമായി തളർന്നും, വാർദ്ധക്യ സഹജമായ രോഗങ്ങളാൽ പീഡിപ്പിക്കപ്പെട്ടും സ്നേഹാലയങ്ങളിൽ എത്തപ്പെടുന്ന താമസക്കാരുടെ ആരോഗ്യ സംരക്ഷണത്തിനും, സാന്ത്വന പരിചരണത്തിനും വേണ്ടി സാമൂഹ്യനീതി വകുപ്പ് ഭാരതീയ ചികിത്സ വകുപ്പുമായി ചേർന്ന് 14 ജില്ലകളിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് വയോ അമൃതം പദ്ധതി. 2014-15 സാമ്പത്തിക വർഷം മുതൽ സാമൂഹ്യനീതി വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള സ്നേഹാലയങ്ങളിൽ വയോ അമൃതം പദ്ധതി നടപ്പിലാക്കി വരുന്നു. ഓരോ വർഷവും ഏകദേശം 900-1000 താമസക്കാർക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭ്യമാകുന്നുണ്ട്. സാമൂഹ്യനീതിവകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള സ്നേഹാലയങ്ങളിലെയും അഗതി മന്ദിരങ്ങളിലെയും താമസക്കാർ അനുഭവിക്കുന്ന ഒറ്റപ്പെടൽ, മാനസിക സമ്മർദ്ദം, ആരോഗ്യ പ്രശ്നങ്ങൾ, രോഗങ്ങൾ എന്നിവക്ക് ആയുർവേദ ശാസ്ത്രവിധി പ്രകാരം, ചികിത്സയും സാന്ത്വന പരിചരണവും നൽകി ശാശ്വത പരിഹാരം കണ്ടെത്തുക, ഇതിലൂടെ അവരെ പൊതുധാരയിലേക്ക് കൈ പിടിച്ചുയർത്തുക എന്ന ദീർഷവീക്ഷണവും ഈ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നു. പ്രസ്തുത പദ്ധതിയുടെ ഭാഗമായി ആഴ്ചയിൽ എല്ലാ ദിവസവും ഹോമിലെ താമസക്കാർക്ക് ആയുർവേദ ഡോക്ടറുടെ സേവനം ലഭിക്കുന്നതാണ്. കൂടാതെ ആഴ്ചയിൽ ഒരു ദിവസം ഹോമിന്റെ സമീപത്തെ മുതിർന്നപൗരന്മാർക്ക് ടി പദ്ധതി പ്രകാരം ആയുർവേദ ഡോക്ടറുടെ സേവനം ലഭിക്കുന്നു.-

**മന്ദഹാസം പദ്ധതി**

സംസ്ഥാനത്തെ 60 വയസ്സ് കഴിഞ്ഞ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ഭാഗികമായോ പൂർണ്ണമായോ ദന്തനിര നഷ്ടപ്പെട്ട മുതിർന്നപൗരന്മാർക്ക് കൃത്രിമ ദന്തനിര വച്ച് നൽകുന്നതിന് 2016 ൽ സാമൂഹ്യനീതി വകുപ്പ് ആരംഭിച്ച പദ്ധതിയാണ് "മന്ദഹാസം". സാമൂഹ്യനീതി വകുപ്പിന്റെ ഓൺലൈൻ അപേക്ഷാ സംവിധാനമായ സുനീതി പോർട്ടൽ മുഖേന ടി പദ്ധതിയിലേക്ക് അപേക്ഷിക്കാവുന്നതാണ്. ജില്ലാ ഓഫീസുകളിൽ അപേക്ഷ പരിശോധിച്ച് അർഹരായ ഗുണഭോക്താക്കൾക്ക് എംപാനൽ ചെയ്തിട്ടുള്ള ആശുപത്രികളിൽ നിന്നും ദന്തനിര വെച്ച് നൽകുകയും, ബന്ധപ്പെട്ട ആശുപത്രികൾക്ക് ജില്ലാ ഓഫീസർമാർ മുഖേന തുക മാറി നൽകി വരുകയുമാണ് ചെയ്യുന്നത്. ഒരു ഗുണഭോക്താവിന് ദന്ത നിര വക്കുന്നതിന് ലാബ് ചെലവുൾപ്പടെ 10000/- രൂപയാണ് ആശുപത്രികൾക്ക് അനുവദിക്കുന്നത്.

**വയോരക്ഷാ പദ്ധതി**

സാമൂഹിക സാമ്പത്തിക ശാരീരിക ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന സമൂഹത്തിലെ മുതിർന്നപൗരന്മാർക്ക് അടിയന്തര സാഹചര്യങ്ങളിൽ സഹായം എത്തിക്കുക, അടിയന്തര പ്രാഥമിക ശുശ്രൂഷ നൽകൽ, അടിയന്തര ശസ്ത്രക്രിയ, ആംബുലൻസ് സേവനം, പുനരധിവാസം, കെയർഗിവർമാരുടെ സേവനം, അത്യാവശ്യ ഘട്ടങ്ങളിൽ വയോജനങ്ങൾക്ക് ഉപയോഗപ്രദമായ ക്രച്ചസ് മുതലായ സഹായ ഉപകരണങ്ങൾ വാങ്ങുക എന്ന ഉദ്ദേശത്തോടുകൂടി 2021-22 സാമ്പത്തിക വർഷം മുതൽ സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ് വയോരക്ഷ പദ്ധതി. ജില്ലാ സാമൂഹ്യ നീതി ഓഫീസുകൾ മുഖേനയാണ് പദ്ധതി പ്രവർത്തനങ്ങൾ നടക്കുന്നത്.

**വയോമധുരം പദ്ധതി**

ജീവിത ശൈലീരോഗങ്ങളിൽ എറ്റവും വ്യാപകമായ പ്രമേഹ രോഗികൾ ആയ ബി.പി.എൽ വിഭാഗത്തിൽ പ്പെട്ട വയോജനങ്ങൾക്ക് വീട്ടിലിരുന്നുതന്നെ രക്തത്തിലെ പഞ്ചസാരയുടെ അളവ് നിർണ്ണയിക്കുന്നതിന് സഹായിക്കുന്ന ഗ്ലൂക്കോമീറ്റർ എന്ന ഉപകരണം സൗജന്യമായി നൽകുന്ന വയോമധുരം പദ്ധതി 2018 മുതൽ സാമുഹ്യനീതിവകുപ്പ് നടപ്പിലാക്കിവരുന്നു. വകുപ്പിന്റെ ഓൺലൈൻ സംവിധാനമായ സുനീതി പോർട്ടൽ മുഖേന ലഭിക്കുന്ന അപേക്ഷകൾ പദ്ധതിയുടെ നിബന്ധനകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച്
അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നു.

**സ്മൃതിപഥം പ്രോജക്ട്**

സാമൂഹ്യനീതി വകുപ്പ് Alzheimer's & Related Disorders Society of India (ARDSI) സഹകരണത്തോടെ 2014-15 മുതൽ നടപ്പിലാക്കുന്ന പദ്ധതിയാണ് സ്മൃതിപഥം പ്രോജക്ട്. ഈ പ്രോജക്ടിന്റെ കീഴിൽ എറണാകുളം ജില്ലയിലെ എടവനക്കാട് ഒരു ഫുൾ ടൈം ഡിമെൻഷ്യ കെയർ സെന്ററും തൃശ്ശൂർ ജില്ലയിലെ കുന്നംകുളത്ത് ഒരു പകൽ പരിപാലനകേന്ദ്രവും പ്രവർത്തിച്ചു വരുന്നു. ഡിമെൻഷ്യ രോഗികളുടെ സംരക്ഷണത്തിനായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന ഓർമ്മത്തോണി പദ്ധതി നടപ്പിലാക്കി വരുന്ന സാഹചര്യത്തിൽ 2025-26 സാമ്പത്തിക വർഷം മുതൽ തൃശ്ശൂർ ജില്ലയിലെ കുന്നംകുളത്ത് ഒരു പകൽ പരിപാലനകേന്ദ്രത്തെ ഓർമ്മത്തോണി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**ഓർമ്മത്തോണി പദ്ധതി**

ഡിമെൻഷ്യ ഒരു ആരോഗ്യപ്രശ്നം എന്നതിനോടൊപ്പം അതൊരു സാമൂഹ്യ പ്രശ്നമായികൂടി കണ്ടുകൊണ്ട് കേരളത്തിലെ മുഴുവൻ ഡിമെൻഷ്യ ബാധിതരെയും കണ്ടെത്തി അവർക്ക് അനുയോജ്യമായ സേവനങ്ങൾ

ലഭ്യമാക്കി ഡിമെൻഷ്യ സഹൃദ കേരളം എന്ന ലക്ഷ്യത്തോടെ "ഓർമ്മത്തോണി" എന്ന ഒരു പദ്ധതി കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കി വരുന്നു. ഈ പദ്ധതി സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ആരോഗ്യ വകുപ്പ്, ആരോഗ്യ സർവകലാശാല (KUHS) എന്നിവയുടെ സഹകരണത്തോടെയാണ് നടപ്പിലാക്കുന്നത്. പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 104 വയോമിത്രം യൂണിറ്റുകൾ കേന്ദ്രീകരിച്ച് മെമ്മറി സ്ക്രീനിങ് ആരംഭിച്ചിട്ടുണ്ട്. ആരോഗ്യവകുപ്പിന്റെ സഹകരണത്തോടെ മെമ്മറി ക്ലിനിക്കുകൾ, മരുന്ന് ആവശ്യമുള്ളവർക്ക് ആയത് ലഭ്യമാക്കുക തുടങ്ങിയവയാണ് പദ്ധതി ലക്ഷ്യങ്ങൾ. ഇതോടൊപ്പം തിരുവനന്തപുരം, തൃശ്ശൂർ ജില്ലകളിൽ ഓർമ്മത്തോണി ഡേ കെയർ സെന്ററുകൾ ആരംഭിക്കാൻ വേണ്ട നടപടികളും സ്വീകരിച്ചു വരുന്നു.

**വയോമിത്രം പദ്ധതി**

സംസ്ഥാനത്തെ നഗരപ്രദേശത്ത് വസിക്കുന്ന 65 വയസ്സിന് മുകളിൽ പ്രായമുള്ള മുതിർന്ന പൗരന്മാർക്ക് മൊബൈൽ ക്ലിനിക്കിലൂടെ സൗജന്യ ചികിത്സ, സൗജന്യ മരുന്ന്, കൗൺസിലിംഗ്, പാലിയേറ്റീവ് സേവനം, ഹെല്പ് ഡെസ്കിന്റെ സേവനം എന്നിവ നൽകി വയോജനങ്ങളുടെ ആരോഗ്യ സുരക്ഷ ഉറപ്പ് വരുത്തുന്നതിനായി നഗരസഭകളുമായി ചേർന്നുകൊണ്ട് 2011 മുതൽ നടപ്പിലാക്കി വരുന്ന ഒരു പദ്ധതിയാണ് വയോമിത്രം. ഈ പദ്ധതി സംസ്ഥാനത്തെ 6 കോർപ്പറേഷനുകളിലും, 85 മുനിസിപ്പാലിറ്റികളിലും, 4 ബ്ലോക്ക് പഞ്ചായത്തുകളിലും നടപ്പിലാക്കി വരുന്നു. നിലവിൽ 95 സ്ഥലങ്ങളിലായി 104 വയോമിത്രം യൂണിറ്റുകൾ കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നുണ്ട്. കേരളത്തിലെ വയോജനങ്ങളുടെ എണ്ണം ഗണ്യമായി വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ വയോജനങ്ങളുടെ ആരോഗ്യകരമായ ജീവിത ശൈലിയിൽ ഗണ്യമായ മാറ്റം വരുത്തിക്കൊണ്ട് വയോജനങ്ങളുടെ ശാരീരിക-മാനസിക-സാമൂഹ്യമായ ക്ഷേമം വളർത്തിയെടുക്കേണ്ടത് അനിവാര്യമാണ്. മുതിർന്നപൗരന്മാർക്ക് മാനസിക ആരോഗ്യം നൽകുന്നതിനോടൊപ്പം ക്ലിനിക്കൽ പരിശോധനയും സൗജന്യ മരുന്ന് വിതരണവും മുഖ്യ ഘടകമായി ഉൾപ്പെടുത്തിയിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം മുതൽ വയോമിത്രം പദ്ധതിയിലൂടെ 'വാതിൽപ്പടി സേവനം' എന്ന പദ്ധതിയിലൂടെ ഡോക്ടർമാർ ഉൾപ്പെടെയുള്ള ടീം കിടപ്പുരോഗികൾ, ഭിന്നശേഷിക്കാർ ആയിട്ടുള്ള മുതിർന്നപൗരന്മാർ എന്നിവരുടെ വീടുകളിൽ എത്തി ചികിത്സ, മരുന്നുകൾ, പാലിയേറ്റീവ് കെയർ തുടങ്ങിയ സേവനങ്ങളും നല്കി വരുന്നു. കൂടാതെ വയോജനങ്ങളുടെ മാനസിക ഉല്ലാസം വർദ്ധിപ്പിക്കുന്നതിനും, ജീവിത ശൈലീ രോഗങ്ങൾ, മറ്റ് ശാരീരിക ബുദ്ധിമുട്ടുകൾ എന്നിവ കുറക്കുന്നതിനും സഹായമാകുന്ന തരത്തിലുള്ള പ്രോഗ്രാമുകളായ യോഗ, കൗൺസലിംഗ്, വിനോദ യാത്രകൾ, വിവിധങ്ങളായ ദിനാചരണ പരിപാടികൾ, വിവിധങ്ങളായ ആഘോഷ പരിപാടികൾ എന്നിവയും വയോമിത്രം പദ്ധതിയിലൂടെ വയോജനങ്ങൾക്ക് നൽകി വരുന്നു.

**State Resource Centre for Older People**

വയോജന മേഖലയിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾക്ക് ശാസ്ത്രീയവും സാങ്കേതികവുമായി പിന്തുണനൽ കുന്നതിനും വയോജനങ്ങളുമായി ബന്ധപ്പെട്ട നിയമങ്ങളും പോളിസികളും കാലാനുസൃതമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും, ഈ മേഖലയിൽ പ്രവർത്തിച്ചുവരുന്ന

സർക്കാർ സർക്കാരിതര ഏജൻസികളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ തയ്യാറാക്കുക, കെയർ ഗിവർമാർക്ക് പരിശീലനംനൽകുക എന്നീ പ്രവർത്തനങ്ങൾ നടത്തുന്നതിനുമായി കേരള ആരോഗ്യ സർവ്വകലാശാലയുടെ സഹകരണത്തോടെ സാമൂഹ്യനീതി വകുപ്പ നടപ്പിലാക്കിവരുന്ന പദ്ധതിയാണ് "state Resource Centre for Older People". ഈ പദ്ധതിയുടെ ഭാഗമായി വീട്ടിൽ പരിചരണം ആവശ്യമായ വയോജനങ്ങളെ പരിചരിക്കുന്ന പരിചാരകർക്ക് ട്രെയിനിംഗ് ലഭ്യമാക്കുന്നതിനായി കേരള ആരോഗ്യ സർവ്വകലാശാല മുഖേന പരിശീലനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. വയോജനങ്ങൾ ക്കുണ്ടാകുന്ന വീഴ്ചകൾ അവരെ കിടപ്പുരോഗികളാക്കുന്നതായി പഠനങ്ങൾ ലഭ്യമായ സാഹചര്യത്തിൽ വീഴ്ച രഹിത അന്തരീക്ഷം വയോജനങ്ങൾക്ക് ലഭ്യമാക്കുന്നതിനു കേരള ആരോഗ്യ സർവ്വകലാശാല മുഖേന പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

കിടപ്പുരോഗികളായ വയോജനങ്ങൾക്കായി സംസ്ഥാന സർക്കാരിന്റെ പാലിയേറ്റീവ് കെയർ പദ്ധതി ആരംഭിച്ചിട്ടുണ്ട്

സംസ്ഥാന ആരോഗ്യവകുപ്പ് മുതിർന്നപൗരന്മാരുടെ ആരോഗ്യ സുരക്ഷ സംബന്ധിച്ച് ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

- സംസ്ഥാനത്തെ 16 പ്രധാന ആശുപത്രികളിൽ ജെറിയാട്രിക് വാർഡുകളും ജെറിയാട്രിക് ക്ലിനിക്കുകളും പ്രവർത്തന സജ്ജമാണ്. ദേശിയ ആരോഗ്യ ദൗത്യം മുഖേന ഡോക്ടർമാരെയും മറ്റ് അനുബന്ധ ജീവനക്കാരെയും കരാർ അടിസ്ഥാനത്തിൽ ഈ ക്ലിനിക്കുകളിൽ നിയോഗിച്ചിട്ടുണ്ട്.
- എല്ലാ ആശുപത്രികളിലും വയോജന സൗഹൃദ ശൗചാലയങ്ങളും മറ്റ് അനുബന്ധസൗകര്യങ്ങളും ഏർ പ്പെടുത്തണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്.
- സംസ്ഥാനത്തെ 227 സാമൂഹിക ആരോഗ്യ കേന്ദ്രങ്ങൾ ഉൾപ്പെടെ പ്രധാന ആശുപത്രികളിൽ എല്ലാം ഫിസിയോതെറാപ്പി യൂണിറ്റ് സജ്ജികരിച്ചിട്ടുണ്ട്.

- വൃദ്ധസദനങ്ങളിൽ കഴിയുന്ന മുതിർന്നപൗരന്മാർക്കായി പ്രത്യേകമെഡിക്കൽ ചെക്കപ്പും മറ്റ് അനുബന്ധ പരിശോധനകളും ദേശീയ ആരോഗ്യ ദൗത്യം മുഖേന നടപ്പിലാക്കി വരുന്നുണ്ട്.
- കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി, കാരുണ്യ ബെനവലന്റ് പദ്ധതി എന്നിവ മുഖേനയും മുതിർന്നപൗരന്മാർക്ക് ചികിത്സ ലഭ്യമാണ്.

## അനുബന്ധം II

**വയോരക്ഷാ പദ്ധതി**

സാമൂഹിക സാമ്പത്തിക ശാരീരിക ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന സമൂഹത്തിലെ മുതിർന്നപൗരന്മാർക്ക് അടിയന്തിര സാഹചര്യങ്ങളിൽ സഹായം എത്തിക്കുക, അടിയന്തിര പ്രാഥമിക ശുശ്രൂഷ നൽകൽ, അടിയന്തിര ശസ്ത്രക്രിയ, ആംബുലൻസ് സേവനം, പുനരധിവാസം, കെയർഗിവർമാരുടെ സേവനം, അത്യാവശ്യ ഘട്ടങ്ങളിൽ വയോജനങ്ങൾക്ക് ഉപയോഗപ്രദമായ ക്രച്ചസ് മുതലായ സഹായ ഉപകരണങ്ങൾ വാങ്ങുക എന്ന ഉദ്ദേശത്തോടുകൂടി 2021-22 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കുന്ന പദ്ധതിയാണ് വയോരക്ഷ പദ്ധതി. ജില്ലാ സാമൂഹ്യ നീതി ഓഫീസുകൾ മുഖേനയാണ് പദ്ധതി
പ്രവർത്തനങ്ങൾ നടക്കുന്നത്. ഇത് ഒരു ഓൺലൈൻ പദ്ധതിയല്ല. പദ്ധതിയിൽ വകുപ്പിനെ സഹായിക്കുന്നതിന് സന്നദ്ധ സംഘടനകൾ പ്രവർത്തിക്കുന്നതാണ്. ഇതിനുപുറമെ നടപ്പുവർഷം മുതൽ അവശരായ രോഗികളെ ആശുപത്രിയിൽ എത്തിക്കുന്നതിനും പുനരധിവാസ കേന്ദ്രങ്ങളിൽ എത്തിക്കുന്നതിനും റാപിഡ് റെസ്പോൺസ് ടീം പ്രവർത്തന സജ്ജമാക്കുന്നതിനും ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്.

**ഓർമ്മത്തോണി പദ്ധതി**

ഡിമെൻഷ്യ ഒരു ആരോഗ്യപ്രശ്നം എന്നതിനോടൊപ്പം അതൊരു സാമൂഹ്യ പ്രശ്നമായി കൂടി കണ്ടുകൊണ്ട് കേരളത്തിലെ മുഴുവൻ ഡിമെൻഷ്യ ബാധിതരെയും കണ്ടെത്തി അവർക്ക് അനുയോജ്യമായ സേവനങ്ങൾ ലഭ്യമാക്കി ഡിമെൻഷ്യ സൗഹൃദ കേരളം എന്ന ലക്ഷ്യത്തോടെ "ഓർമ്മത്തോണി" എന്ന ഒരു പദ്ധതി കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കി വരുന്നു. ഈ പദ്ധതി സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ആരോഗ്യ വകുപ്പ്, ആരോഗ്യ സർവകലാശാല (KUHS) എന്നിവയുടെ സഹകരണത്തോടെയാണ് നടപ്പിലാക്കുന്നത്. പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 104 വയോമിത്രം യൂണിറ്റുകൾ കേന്ദ്രീകരിച്ച് മെമ്മറി സ്ക്രീനിങ് ആരംഭിച്ചിട്ടുണ്ട്. ആരോഗ്യവകുപ്പിന്റെ സഹകരണത്തോടെ മെമ്മറി ക്ലിനിക്കുകൾ, മരുന്ന് ആവശ്യമുള്ളവർക്ക് ആയത് ലഭ്യമാക്കുക തുടങ്ങിയവയാണ് പദ്ധതി ലക്ഷ്യങ്ങൾ. ഇതോടൊപ്പം തിരുവനന്തപുരം, തൃശ്ശൂർ ജില്ലകളിൽ ഓർമ്മത്തോണി ഡേ കെയർ സെന്ററുകൾ ആരംഭിക്കാൻ വേണ്ട നടപടികളും സ്വീകരിച്ചു വരുന്നു.

**State Resource Centre for Older People**

വയോജന മേഖലയിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾക്ക് ശാസ്ത്രീയവും സാങ്കേതികവുമായി പിന്തുണ നൽകുന്നതിനും വയോജനങ്ങളുമായി ബന്ധപ്പെട്ട നിയമങ്ങളും പോളിസികളും കാലാനുസൃതമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും, ഈ മേഖലയിൽ പ്രവർത്തിച്ചുവരുന്ന
സർക്കാർ സർക്കാരിതര ഏജൻസികളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ തയ്യാറാക്കുക, കെയർ ഗിവർമാർക്ക് പരിശീലനംനൽകുക എന്നീ പ്രവർത്തനങ്ങൾ നടത്തുന്നതിനുമായി കേരള ആരോഗ്യ സർവ്വകലാശാലയുടെ സഹകരണത്തോടെ സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് "state Resource Centre for Older People". ഈ പദ്ധതിയുടെ ഭാഗമായി വീട്ടിൽ പരിചരണം ആവശ്യമായ വയോജനങ്ങളെ പരിചരിക്കുന്ന പരിചാരകർക്ക് ട്രെയിനിംഗ് ലഭ്യമാക്കുന്നതിനായി കേരള ആരോഗ്യ സർവ്വകലാശാല മുഖേന പരിശീലനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. വയോജനങ്ങൾക്കുണ്ടാകുന്ന വീഴ്ചകൾ അവരെ കിടപ്പുരോഗികളാക്കുന്നതായി പഠനങ്ങൾ ലഭ്യമായ സാഹചര്യത്തിൽ വീഴ്ച രഹിത അന്തരീക്ഷം വയോജനങ്ങൾക്ക് ലഭ്യമാക്കുന്നതിനു കേരള ആരോഗ്യ സർവ്വകലാശാല മുഖേന പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

പാലിയേറ്റീവ് കെയർ പദ്ധതി – കിടപ്പുരോഗികളായ വയോജനങ്ങൾക്കായി സംസ്ഥാന സർക്കാരിന്റെ പാലിയേറ്റീവ് കെയർ പദ്ധതി ആരോഗ്യ വകുപ്പും തദ്ദേശസ്വയം ഭരണ വകുപ്പുമായി സഹകരിച്ച് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ഫണ്ടുകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് ആരോഗ്യ വകുപ്പിനുകീഴിൽ എല്ലാ ജില്ലയിലും ഒരു പ്രധാന ആശുപത്രിയിൽ സമഗ്ര വയോജന സൗഹൃദ കേന്ദ്രം ആരംഭിക്കുന്നതിന് ഒരുകോടി രൂപ വീതം നീക്കിവച്ചിട്ടുണ്ട്. ഇത് പ്രകാരമുള്ള നിർമാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.
ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 14–ാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി പദ്ധതി ആസൂത്രണ/സബ്സിഡി മാർഗ്ഗരേഖകൾ സമഗ്രമായി പരിഷ്കരിച്ച് ഉത്തരവായിട്ടുണ്ട്. അതനുസരിച്ച് വയോജനങ്ങൾക്ക് ശാരീരിക – മാനസിക, സാംസ്കാരിക, പിന്തുണാ സംവിധാനവും സുരക്ഷിതത്വവും

ഉറപ്പുവരുത്തുന്നതിനുള്ള പ്രോജക്ടുകൾക്ക് മുൻഗണന നൽകി ഏറ്റെടുക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.